©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2019 ഒക്ടോബർ 09<br>09th October 2019<br>1195 കന്നി 23<br>23th Kanni 1195<br>1941 ആശ്വിനം 17<br>17th Aswina 1941 | നമ്പർ<br>No. | 2358 |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

വിജ്ഞാപനങ്ങൾ

**സ.ഉ.(അച്ചടി) നം.64/2019/ത.സ്വ.ഭ.വ.** തിരുവനന്തപുരം, **2019, ഒക്ടോബർ 3**

**1195, കന്നി 17**

**I**

**എസ്. ആർ. ഒ. നമ്പർ 720/2019**

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ (2016 ലെ 9) 54-ാം വകുപ്പിലെയും 2015 -ലെ കേരള നഗര-ഗ്രാമാസൂത്രണ (വികസന അതോറിറ്റികൾ) ചട്ടങ്ങളിലെ 3-ാം ചട്ടവും കൂട്ടിവായിച്ച പ്രകാരം നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച്, കേരള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സർക്കാർ, 2017 ജനുവരി 6-ാം തീയതിയിലെ സ.ഉ. (അച്ചടി) നം. 2/2017/ത.സ്വ.ഭ.വ നമ്പരായി പുറപ്പെടുവിച്ചതും, 2017 ജനുവരി 6-ാം തീയതിയിലെ 16-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 7/2017 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം രൂപീകരിച്ച, തിരുവനന്തപുരം വികസന അതോറിറ്റിയുടെ ജനറൽ കൗൺസിലിലെ, "(e) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മറ്റ് ആളുകൾ" എന്ന ഇനത്തിൽ അംഗമായ ശ്രീ. സുജനപ്രിയൻ എം., തിരുവാതിര, നേമം പി.ഒ മരണപ്പെട്ട ഒഴിവിൽ ശ്രീ. പി.കെ. രാജു, ലെനിൻ ഭവൻ, റ്റി.സി 1/1563 (4), മെഡിക്കൽ കോളേജ് പി.ഒ, തിരുവനന്തപുരം- നെ ജനറൽ കൗൺസിൽ അംഗമായി ഉൾപ്പെടുത്തി മേൽപ്പറഞ്ഞ വിജ്ഞാപനം താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുന്നു. അതായത് :-

ഭേദഗതി

മേൽപ്പറഞ്ഞ വിജ്ഞാപനത്തിലെ "ജനറൽ കൗൺസിൽ" എന്ന ശീർഷകത്തിൻ കീഴിൽ, "(e) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മറ്റ് ആളുകൾ" എന്ന ഇനത്തിലെ ക്രമനമ്പർ '8'ന് എതിരെയുള്ള ഉൾക്കുറിപ്പിന് പകരം താഴെപ്പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:-

" ശ്രീ. പി.കെ. രാജു,
ലെനിൻ ഭവൻ, റ്റി.സി 1/1563 (4),
മെഡിക്കൽ കോളേജ് പി.ഒ,
തിരുവനന്തപുരം"

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**റ്റി. കെ. ജോസ് ഐ.എ.എസ്.**

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

II

**എസ്. ആർ. ഒ. നമ്പർ 721/2019**

2016 -ലെ കേരള നഗര - ഗ്രാമാസൂത്രണ ആക്റ്റിലെ (2016 ലെ 9) 55-ാം വകുപ്പും 2015-ലെ കേരള - നഗര ഗ്രാമാസൂത്രണ (വികസന അതോറിറ്റികൾ) ചട്ടങ്ങളിലെ 4-ാം ചട്ടവും കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2017 ജനുവരി 6-ാം തീയതിയിലെ സ.ഉ. (അച്ചടി) നം. 2/2017/ത.സ്വ.ഭ.വ നമ്പരായി പുറപ്പെടുവിച്ചതും, 2017 ജനുവരി 6-ാം തീയതിയിലെ 16-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 8/2017 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം രൂപീകരിച്ച തിരുവനന്തപുരം വികസന അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ, "(e) സർക്കാർ ജനറൽ കൗൺസിലിലേക്ക് നാമനിർദ്ദേശം ചെയ്ത അംഗങ്ങളിൽ നിന്ന് രണ്ട് ആളുകൾ" എന്ന ഇനത്തിലെ ശ്രീ. സുജനപ്രിയൻ എം., തിരുവാതിര, നേമം പി.ഒ മരണപ്പെട്ട ഒഴിവിൽ ശ്രീ. പി.കെ. രാജു, ലെനിൻ ഭവൻ, റ്റി.സി 1/1563 (4), മെഡിക്കൽ കോളേജ് പി.ഒ, തിരുവനന്തപുരം- നെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായി ഉൾപ്പെടുത്തി മേൽപ്പറഞ്ഞ വിജ്ഞാപനം താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുന്നു. അതായത് :-

ഭേദഗതി

മേൽപ്പറഞ്ഞ വിജ്ഞാപനത്തിലെ "എക്സിക്യൂട്ടീവ് കമ്മിറ്റി" എന്ന ശീർഷകത്തിൻ കീഴിൽ, "(e) സർക്കാർ ജനറൽ കൗൺസിലിലേക്ക് നാമനിർദ്ദേശം ചെയ്ത അംഗങ്ങളിൽ നിന്ന് രണ്ട് ആളുകൾ" എന്ന ഇനത്തിലെ ക്രമനമ്പർ '2'ന് എതിരെയുള്ള ഉൾക്കുറിപ്പിന് പകരം താഴെപ്പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:-

" ശ്രീ. പി.കെ. രാജു,
ലെനിൻ ഭവൻ, റ്റി.സി 1/1563 (4),
മെഡിക്കൽ കോളേജ് പി.ഒ,
തിരുവനന്തപുരം"

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**റ്റി. കെ. ജോസ് ഐ.എ.എസ്.**

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2016 -ലെ കേരള നഗര - ഗ്രാമാസൂത്രണ ആക്റ്റിലെ (2016 ലെ 9) 54-ാം വകുപ്പും 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ (വികസന അതോറിറ്റികൾ) ചട്ടങ്ങളിലെ 3-ാം ചട്ടവും കൂട്ടിവായിച്ച പ്രകാരം നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2017 ജനുവരി 6-ാം തീയതിയിലെ സ.ഉ.(അച്ചടി)നം.2/2017/ത.സ്വ.ഭ.വ നമ്പരായി പുറപ്പെടുവിച്ചതും, 2017 ജനുവരി 6-ാം തീയതിയിലെ 16-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 7/2017 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം രൂപീകരിച്ച തിരുവനന്തപുരം വികസന അതോറിറ്റിയുടെ ജനറൽ കൗൺസിലിലെ "(e) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മറ്റ് ആളുകൾ" എന്ന ഇനത്തിലും പ്രസ്തുത ആക്റ്റിലെ 55-ാം വകുപ്പും 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ (വികസന അതോറിറ്റികൾ) ചട്ടങ്ങളിലെ 4-ാം ചട്ടവും കൂട്ടി വായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2017 ജനുവരി 6-ാം തീയതിയിലെ സ.ഉ.(അച്ചടി) നം. 2/2017/തസ്വഭവ നമ്പരായി പുറപ്പെടുവിച്ചതും 2017 ജനുവരി 6-ാം തീയതിയിലെ 16-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 8/2017 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം രൂപീകരിച്ച തിരുവനന്തപുരം വികസന അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ "(e) സർക്കാർ ജനറൽ കൗൺസിലിലേക്ക് നാമനിർദ്ദേശം ചെയ്ത അംഗങ്ങളിൽ നിന്ന് രണ്ട് ആളുകൾ" എന്ന ഇനത്തിലും അംഗമായ ശ്രീ. സുജനപ്രിയൻ എം., തിരുവാതിര, നേമം പി.ഒ മരണപ്പെട്ട ഒഴിവിൽ ശ്രീ. പി.കെ. രാജു, ലെനിൻ ഭവൻ, റ്റി.സി 1/1563 (4), മെഡിക്കൽ കോളേജ് പി.ഒ, തിരുവനന്തപുരം-നെ തിരുവനന്തപുരം വികസന അതോറിറ്റിയുടെ ജനറൽ കൗൺസിൽ അംഗമായും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായും ഉൾപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനങ്ങൾ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date:2019.10.09 03:41:19 +05:30